# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1819 — 4-10-2011-ൽ മറുപടിക്ക്

### തെരുവുനായകളെ പിടികൂടാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി : | | ഡോ. എം.കെ. മുനീർ : (ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2011 ആഗസ്റ്റ് മാസത്തിൽ മാത്രം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നായ കടിച്ചതിന്റെ പേരിൽ 5000 ത്തിലധികം പേർ എത്തി എന്ന വിവരം പരിശോധിക്കുമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പു മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അലഞ്ഞുനടക്കുന്ന നായകളെ കൊല്ലുന്ന പഴയരീതിക്കു പകരം നായയെ പിടികൂടി വന്ധ്യംകരിക്കുന്ന സമ്പ്രദായം വിജയപ്രദമാണെന്ന് കരുതുന്നുണ്ടോ ; | (സി) | 2001-ലെ അനിമൽ ബർത്ത് കൺട്രോൾ നിയമം (ഡോഗ്സ്) അനുസരിച്ച് തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. എന്നാൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന രീതി അവയുടെ വംശവർദ്ധനവ് തടയുന്നതിന് ഉപകരിക്കുമെങ്കിലും അവ മൂലമുള്ള ശല്യവും ഭീഷണിയും തടയുന്നതിന് ഫലപ്രദമല്ല. |
| (ഡി) | തെരുവുനായ്ക്കളുടെ എണ്ണക്കൂടുതലും നായകളെ നിയന്ത്രിക്കാനുള്ള | (ഡി) | സംസ്ഥാനതലത്തിൽ നടത്തുന്ന മീറ്റിംഗുകളിൽ വിലയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സംവിധാനങ്ങൾ പരാജയപ്പെടുന്നതും വിലയിരുത്തിയിട്ടുണ്ടോ ; | | |
| (ഇ) | തെരുവുനായകളെ പിടികൂടാൻ ആവശ്യത്തിന് ആളുകളെ കിട്ടാത്ത സ്ഥിതി വിശേഷം ഉണ്ടോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | വീടുകളിൽ വളർത്തുന്ന നായകളെ രോഗമോ മറ്റോ പിടിപെട്ടാൽ തെരുവിലേക്ക് ഇറക്കിവിടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നത് ഗൗരവമായി കാണുമോ ? | (ജി) | ഗൗരവമായികണ്ടുകൊണ്ട് 2001-ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Kumary Jalaja S

**സെക്ഷൻ ഓഫീസർ.**